REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ദേശീയ  റോസ്ഗാർ മേളയിൽ പുതുതായി നിയമിതരായ 71,000-ത്തിലധികം പേർക്ക് നിയമന കത്തുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഓൺലൈനിൽ വിതരണം ചെയ്യും.**
- **അടുത്ത ബാച്ച് KAS ഉദ്യോഗസ്ഥരുടെ നിയമനം വൈകാതെ ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന എംടി വാസുദേവൻനായരുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു.**
- **ശബരിമലയിലേക്ക് പുറപ്പെട്ട തങ്കഅങ്കി രഥഘോഷയാത്ര കാരംവേലി പിന്നിട്ടു.**
- **അണ്ടർ 19 വനിതാ ട്വന്റി 20 ഏഷ്യാ കപ്പ്  കിരീടം ഇന്ത്യയ്ക്ക്**

## വാർത്തകൾ വിശദമായി

ദേശീയ  റോസ്ഗാർ മേളയിൽ പുതുതായി നിയമിതരായ 71,000-ത്തിലധികം പേർക്ക് നിയമന കത്തുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിംഗ് വഴി വിതരണം ചെയ്യും. രാജ്യത്തുടനീളം 45 സ്ഥലങ്ങളിൽ ആണ് റോസ്ഗർ മേള സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളിലും CRPF, പ്രൊവിഡന്റ് ഫണ്ട് എന്നിവയടക്കം വിഭാഗങ്ങളിലും മേളയുടെ ഭാഗമായി നിയമന ഉത്തരവുകൾ പൊതുചടങ്ങിൽ കൈമാറും.

തിരുവനന്തപുരത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നാളെ രാവിലെ സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

✪✪✪

രാജ്യത്തെ വന- വൃക്ഷ ആവരണം 2021 നേക്കാൾ 1,445 ചതുരശ്ര കിലോമീറ്റർ വർദ്ധിച്ചെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദ്ര യാദവ് അറിയിച്ചു. ഇത് രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 25.17 ശതമാനത്തെ ആണ് പ്രതിനിധീകരിക്കുന്നത്.മാണ്. 1,289 ചതുരശ്ര കിലോമീറ്ററിൽ മരങ്ങളുടെ വിസ്തൃതി വർദ്ധിച്ചതായും അദ്ദേഹം പറഞ്ഞു. ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ടിൽ ഇന്ത്യ ഫോറസ്റ്റ് റിപ്പോർട്ട് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ മൊത്തം വനവും മരങ്ങളും എട്ട് ലക്ഷത്തി 27 ആയിരത്തി 357 ചതുരശ്ര കിലോമീറ്ററാണ്.

✪✪✪

ഊർജ നഗരകാര്യ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി മനോഹർ ലാലിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അവലോകന യോഗം ആരംഭിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രി K കൃഷ്ണൻകുട്ടി തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

അടുത്ത ബാച്ച് KAS ഉദ്യോഗസ്ഥരുടെ നിയമനം വൈകാതെ ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ KAS ഉദ്യോഗസ്ഥരും പ്രതീക്ഷയ്ക്കൊത്ത് ഉയർന്നില്ലെന്നും അവർ തിരുത്തൽ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസേഴ്സ് അസോസിയേഷൻ ഒന്നാം വാർഷിക സമ്മേളനവും KAS ദിനാഘോഷവും തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന എംടി വാസുദേവൻനായരുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു. ഇന്നലത്തെ അതെ നിലയിൽ ആരോഗ്യസ്ഥിതി തുടരുന്നുവെന്ന് കാണിച്ച് ആശുപത്രി അധികൃതർ പുതിയ മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവിട്ടു. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ട്. വിദഗ്ധ

മെഡിക്കൽ സംഘം എം.ടി.യുടെ ആരോഗ്യസ്ഥിതി തുടർച്ചയായി നിരീക്ഷിച്ചു വരികയാണ്.

✪✪✪

കേന്ദ്ര ഗവണ്മെന്റിന്റെ പ്രധാൻമന്ത്രി ഉച്ചതാർ ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം കണ്ണൂർ സർവ്വകലാശാലയക്ക് 100 കോടി രൂപയുടെ ധനസഹായം അനുവദിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 405 കോടി രൂപയുടെ സാമ്പത്തിക സഹായമാണ് നൽകുക.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയ്സ് ....)

അടിസ്ഥാന സൗകര്യങ്ങളും, അക്കാദമിക് - ഗവേഷണ സംവിധാനങ്ങളും ശക്തമാക്കുന്നതിനായാണ് കണ്ണൂർ സർവകലാശാലക്ക് ധനസഹായം ലഭ്യമാക്കിയത്. മൾട്ടി ഡിസിപ്ലിനറി എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് യൂണിവേഴ്സിറ്റീസ് വിഭാഗത്തിലാണ് സർവ്വകലാശാലക്ക് ഈ ധനസഹായം .

മികവ്വളർത്തിയെടുക്കുന്നതിലൂടെയും വിദ്യാഭ്യാസത്തിൽ തുല്യതവർദ്ധിപ്പി ക്കുന്നതിലൂടെയും സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കാനുള്ളതാണ് പി എം- ഉഷ പദ്ധതിക്ക് കീഴിലെ സംരംഭങ്ങൾ. കേന്ദ്ര പദ്ധതിയായ റൂസ ഒന്നിൽ കണ്ണൂരിന് 20 കോടി രൂപ ലഭിച്ചിരുന്നു. വിദ്യാർത്ഥികളെവേഷണമേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി മികച്ച പദ്ധതികളാണ് സർവകലാശാല വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി സർവകലാശാല പഠന വകുപ്പുകളിലെ ലബോറട്ടറി സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തും. മുഴുവൻ പഠന വകുപ്പുകളിലും ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കും. രാജ്യത്തെ മികച്ച സർവ്വകലാശാലയായി കണ്ണൂരിലെ മാറ്റുന്നതിന് കേന്ദ്ര സഹായം സഹായകമാവുമെന്ന് സർവ്വകലാശാല വാർത്താക്കുറിപ്പിൽ അറിയിച്ചു.

✪✪✪

വനിതാ - ശിശു വികസന വകുപ്പിന് കീഴിലെ സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ മട്ടന്നൂരിൽ നിർവഹിക്കും. സംസ്ഥാനത്തെ 30 സ്മാർട്ട് അങ്കണവാടികളിൽ മട്ടന്നൂരിലേത് മുഖ്യമന്ത്രി നേരിട്ടും മറ്റിടങ്ങളിൽ ഓൺലൈനുമായാണ് ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

സംസ്ഥാനത്തെ സഹകരണ മേഖലയെ ശുദ്ധീകരിക്കാൻ LDF ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നും ഈ മേഖലയിൽ സുതാര്യതയും സത്യസന്ധതയും കൊണ്ടുവരാൻ കേന്ദ്രസഹകരണ നിയമം നടപ്പാക്കണമെന്നും BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ ആവശ്യപ്പെട്ടു. കട്ടപ്പനയിലെ സാബുവിന്റെ ആത്മഹത്യ, കണ്ണൂരിലെ നവീൻ ബാബുവിന്റെ കേസ് എഴുതിത്തള്ളുന്നത് പോലെ ആക്കാനാണ് പിണറായി ഗവൺമെന്റിന്റെ ശ്രമമെന്നും സുരേന്ദ്രൻ ആരോപിച്ചു. ബാങ്കിൽ പണം നിക്ഷേപിക്കുന്ന ആളുകൾക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് പണം ലഭ്യമാക്കാതെ സഹകരണകൊള്ളയും അഴിമതിയും നടത്തുകയാണ് LDF എന്നും സുരേന്ദ്രൻ പറഞ്ഞു. സഹകരണ മേഖലയെ രക്ഷിക്കാൻ BJP സംസ്ഥാനത്ത് പ്രക്ഷോഭം ശക്തമാക്കുമെന്നും K. സുരേന്ദ്രൻ അറിയിച്ചു.

✪✪✪

ADGP എം ആർ അജിത്കുമാറിനെതിരായ വിജിലൻസ് അന്വേഷണം പ്രഹസനമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ ദൂതനായാണ് ADGP എം ആർ അജിത്കുമാർ RSS നേതാക്കളെ കണ്ടതെന്നും സതീശൻ കൊച്ചിയിൽ ആരോപിച്ചു.

സംഘപരിവാറിനെ സന്തോഷിപ്പിക്കുന്ന സമീപനമാണ് സംസ്ഥാനത്ത് CPIM സ്വീകരിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി. എല്ലാ വിഭാഗം ജനങ്ങളും വോട്ട് ചെയ്തതുകൊണ്ടാണ് പ്രിയങ്കാ ഗാന്ധി വയനാട്ടിൽ ജയിച്ചത്. എന്നാൽ വോട്ട് ചെയ്ത് ജയിപ്പിച്ചവർ വർഗീയവാദികളാണെന്ന് A.വിജയരാഘവൻ പറയുമ്പോൾ അത് RSSനെ സന്തോഷിപ്പിക്കാനാണെന്നും ലോക് സഭാ തെരഞ്ഞെടുപ്പിന് ശേഷം ഭൂരിപക്ഷ വർഗിയതയെ പ്രീണിപ്പിക്കുകയാണ് CPIM എന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

✪✪✪

സമുദായ നേതാക്കൾക്ക് അവരുടെ അഭിപ്രായം പറയാൻ അവകാശമുണ്ടെന്ന് KPCC പ്രസിഡന്റ് K സുധാകരൻ പറഞ്ഞു. അഭിപ്രായങ്ങൾ പറയുന്നവർക്കെതിരല്ല പാർട്ടിയെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മുഖ്യമന്ത്രി സ്ഥാനത്തെ കുറിച്ച് നടത്തുന്ന ചർച്ചയുടെ സൃഷ്ടിയും സൃഷ്ടികർത്താക്കളും മാധ്യമങ്ങളാണെന്നും സുധാകരൻ ആരോപിച്ചു.

✪✪✪

ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് രാവിലെ പുറപ്പെട്ട തങ്കഅങ്കി രഥഘോഷയാത്ര കാരംവേലി പിന്നിട്ടു. ഭക്തജനങ്ങളുടെ വൻ സ്വീകരണമാണ് ഓരോ കേന്ദ്രത്തിലും തങ്കഅങ്കി രഥഘോഷയാത്രയ്ക്ക് ലഭിക്കുന്നത്. 25ന് വൈകിട്ട് യാത്രാസംഘം സന്നിധാനത്തെത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രിജി ശ്രീധർ.

......വോയ്സ്......

ശബരിമലയിൽ മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുകൊണ്ടുള്ള രഥഘോഷ യാത്രയ്ക്ക് കടന്നുപോകുന്ന സ്ഥലങ്ങളിലെല്ലാം വലിയ സ്വീകരണമാണ് ലഭിക്കുന്നത്. ആറന്മുളയിൽ നിന്ന് കോഴഞ്ചേരി , തെക്കേമല വഴി കാരം വേലിയിലെത്തിയ ഘോഷയാത്ര ഇലന്തൂർ ഇലവുംതിട്ട വഴി രാത്രിയിൽ ഓമല്ലൂരിലെത്തും. ഇന്ന് ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രത്തിലും നാളെ കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലും 24ന് പെരുനാട് ശാസ്താ ക്ഷേത്രത്തിലും രാത്രി വിശ്രമിക്കുന്ന തങ്ക അങ്കി ഘോഷയാത്ര ക്ഷേത്രങ്ങൾ ഉൾപ്പെടെ എഴുപത്തിഅഞ്ചോളം കേന്ദ്രങ്ങൾ സന്ദർശിച്ച് 25ന് സന്നിധാനത്തു എത്തിച്ചേരും. അയ്യപ്പ സന്നിധിയിൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ 1973ൽ നടയ്ക്കുവച്ചതാണ് 420 പവൻ വരുന്ന തങ്ക അങ്കി. പൊലീസിന്റെ ശക്തമായ സുരക്ഷയിൽ രഥഘോഷയാത്രയെ അഗ്നിശമന സേനയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരും അയ്യപ്പഭക്തരും അനുഗമിക്കുന്നുണ്ട്. 25ന് വൈകിട്ട് സന്നിധാനത്ത് അങ്കിചാർത്തി ദീപാരാധന നടക്കും. 26ന് നാണ് മണ്ഡലപൂജനടക്കുക.

✪✪✪

അണ്ടർ 19 വനിതാ ട്വന്റി 20 ഏഷ്യാ കപ്പ് കിരീടം ഇന്ത്യയ്ക്ക്. ക്വാലാലംപൂരിൽ 41 റൺസിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ജേതാക്കളായത്. ഇന്ത്യ ഉയർത്തിയ 118 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലദേശിന് 18 ഓവറിൽ 76 റൺസെടുക്കാനേ സാധിച്ചുള്ളൂ.

✪✪✪

ICC ചാമ്പ്യൻഷിപ്പ് ക്രിക്കറ്റ് മൂന്ന് ഏകദിനപരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. ഉച്ചയ്ക്ക് 1.30 ന് വഡോദരയിലെ കൊട്ടമ്പി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് മൊഹമ്മദൻസ് SC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചിയിലാണ് മത്സരം. ഇന്നലെ മുംബൈ സിറ്റി FC യും ഈസ്റ്റ് ബംഗാളും വിജയിച്ചു.

കൊച്ചിയിൽ ISL മൽസരത്തിന് എത്തുന്നവരുടെ സൗകര്യാർത്ഥം കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. രാത്രി 9.30 നുശേഷം 11 മണിവരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് പത്ത് സർവീസുകൾ

ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും ഉണ്ടാകുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഡൽഹിയുമായി ഏറ്റുമുട്ടും. വൈകിട്ട് ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ സീസൺ നാലിന്റെ പ്രചരണാർഥം കോഴിക്കോട് ബീച്ചിൽ സംഘടിപ്പിച്ച മിനി മാരത്തൺ  മന്ത്രി PA  മുഹമ്മദ് റിയാസ്  ഫ്ളാഗ് ഓഫ് ചെയ്തു. കോഴിക്കോട്  ബീച്ചിൽ നിന്ന് ബേപ്പൂർ ബീച്ച് വരെ 13 കിലോമീറ്റർ ആണ് മിനി മാരത്തൺ.

✪✪✪

കോഴിക്കോട് ജില്ലാ കേരളോത്സവം കായിക മത്സരങ്ങൾ മെഡിക്കൽ കോളേജ് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ ആരംഭിച്ചു.  മത്സരങ്ങൾ 27 വരെ തുടരും.

✪✪✪

കോഴിക്കോട് ഇരിങ്ങൽ സർഗാലയ അന്താരാഷ്ട്ര കരകൗശല മേള വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. തീം വില്ലേജ് സോൺ രാജ്യസഭാംഗം PT ഉഷ ഉദ്ഘാടനം ചെയ്യും. 15 വിദേശ രാജ്യങ്ങളിൽ നിന്നും 25 സംസ്ഥാനങ്ങളിൽ നിന്നും മുന്നൂറോളം കരകൗശല വിദഗ്ധരാണ് മേളയിൽ പങ്കെടുക്കുക.

✪✪✪

ഗവേഷണങ്ങൾ പലതും വസ്തുതകളുടെ ആഴം തൊടുന്നില്ലെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. പലപ്പോഴും ചരിത്രം വക്രീകരിക്കപ്പെടുകയാണ്. മാഹിയിൽ വി കെ സുരേഷ് ബാബുവിന്റെ കല്ലായി ഗ്രാമത്തിന്റെ കഥ എന്ന ഗ്രന്ഥം പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം, കേരള കലാഗ്രാമത്തിലായിരുന്ന പ്രകാശനച്ചടങ്ങ്.

✪✪✪

തിരുവില്വാമല പാമ്പാടി ഐവർമഠം മഹാശ്മശാനത്തിലെ കളിയാട്ടം ഈ മാസം 25ന് നടത്തും. ഐവർമഠം പൈതൃക സംസ്കാര സംരക്ഷണ സമിതി, കണ്ണൂർ കേരള ഫോക് ലോർ അക്കാദമിയുമായി സഹകരിച്ചാണ് കളിയാട്ടം സംഘടിപ്പിക്കുന്നത്.

✪✪✪

ക്രൈസ്തവ സഭകളിൽ ഭിന്നിപ്പ് ഒഴിവാക്കി യോജിപ്പിന്റെ അന്തരീക്ഷമുണ്ടാക്കണമെന്ന് CSI മലബാർ മഹാ ഇടവക ബിഷപ്പ് റൈറ്റ് റവറന്റ് ഡോ. റോയീസ് മനോജ് വിക്ടർ ആവശ്യപ്പെട്ടു. കോഴിക്കോട്ട് ഹോളി ലാന്റ് പിൽഗ്രിം സൊസൈറ്റി സംഘടിപ്പിച്ച ക്രിസ്തുമസ് നവ-വത്സര ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

BJP സ്നേഹ സന്ദേശ യാത്രയ്ക്ക് തുടക്കമായി. രാവിലെ കോഴിക്കോട് രൂപത ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കലിന് സ്നേഹ സന്ദേശ കാർഡ് നൽകി BJP സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് യാത്ര ഉദ്ഘാടനം ചെയ്തു.

✪✪✪